# പതിനാലാം കേരള നിയമസഭ
# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി VII
## (SUBJECT COMMITTEE VII)

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും
## (ELECTRICITY, LABOUR AND LABOUR WELFARE)

### 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്

2017 മേയ് 23-ാം തീയതി സമർപ്പിച്ചത്
(Presented on 23rd May, 2017)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2017

പതിനാലാം കേരള നിയമസഭ
(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി VII
# (SUBJECT COMMITTEE VII)

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും
## (ELECTRICITY, LABOUR AND LABOUR WELFARE)

**2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്

698/2017.

# ഉള്ളടക്കം

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി VII
## (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)
## (2016-2018)

**ഘടന**

<u>ചെയർമാൻ</u> :

ശ്രീ. റ്റി. പി. രാമകൃഷ്ണൻ,
തൊഴിലും എക്സൈസും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം</u> :

ശ്രീ. എം. എം. മണി,
വൈദ്യുതി വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീമതി ഇ. എസ്. ബിജിമോൾ, എം.എൽ.എ.
ശ്രീ. കെ. ദാസൻ, ,,
ശ്രീ. ടി. വി. ഇബ്രാഹിം, ,,
ശ്രീ. എം. രാജഗോപാലൻ, ,,
ശ്രീ. വി. പി. സജീന്ദ്രൻ, ,,
ശ്രീ. പി. ഉണ്ണി, ,,
ശ്രീമതി വീണാ ജോർജ്ജ്, ,,

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജയശ്രീ എം, അണ്ടർ സെക്രട്ടറി.

# അവതാരിക

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ ചെയർമാനായ ഞാൻ സമിതിയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമർപ്പിക്കുന്നു.

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ അടിസ്ഥാനത്തിലുള്ള ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച അനന്തര നടപടികൾ ഉൾപ്പെടുന്നതാണ് ഈ റിപ്പോർട്ട്.

സബ്ജക്ട് കമ്മിറ്റി VII (2016-18)-ന്റെ ഒന്നാമത് റിപ്പോർട്ട് 2016 സെപ്റ്റംബർ 26-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച അനന്തര നടപടി സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ 10-2-2017, 15-5-2017 എന്നീ തീയതികളിലെ യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായി തയ്യാറാക്കിയിരിക്കുന്നു. ഒന്നാം ഭാഗത്ത് സർക്കാരിൽ നിന്നും മറുപടി ലഭിച്ച ശിപാർശകളും മറുപടികളും, രണ്ടാം ഭാഗത്ത് മറുപടി ലഭിക്കാത്ത ശിപാർശകളുടെ പട്ടികയും ചേർത്തിരിക്കുന്നു.

2017 മേയ് 15-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ടി. പി. രാമകൃഷ്ണൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VII.*

തിരുവനന്തപുരം,
2017 മേയ് 15.

# റിപ്പോർട്ട്

## ഭാഗം 1

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ മറുപടി ലഭിച്ച ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും.

### തൊഴിലും നൈപുണ്യവും വകുപ്പ്

ശിപാർശ

2210-01-102-96-01—ഇ.എസ്.ഐ.-യുടെ കീഴിലുള്ള പ്രത്യേകഘടകപദ്ധതികൾക്കുള്ള ചെലവ് (ഡ്രഗ്സും ഡ്രസ്സിംഗും)

വിഹിതം : 42,14,98,000 രൂപ (പദ്ധതിയേതരം)

(01)—ഡ്രഗ്സും ഡ്രസ്സിംഗും

വിഹിതം : 15,68,00,000 രൂപ (പദ്ധതിയേതരം)

ഇ.എസ്.ഐ. കോർപ്പറേഷന്റെ പുതിയ നയത്തിന്റെ ഭാഗമായി മുഴുവൻ ചെലവുകളും മുൻകൂറായി വകുപ്പുതന്നെ നേരിട്ട് വഹിക്കേണ്ട സ്ഥിതിയാണുള്ളതെന്നും, കൂടാതെ ഈ തുകയുടെ 7/8 ഭാഗവും ഇ.എസ്.ഐ. കോർപ്പറേഷൻ നാലു ഗഡുക്കളായി സർക്കാരിലേക്ക് തിരികെ നിക്ഷേപിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ നിലവിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 1932 ലക്ഷംരൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

സർക്കാർ സ്വീകരിച്ച നടപടി

നിയമസഭാ സമിതി ശിപാർശ ചെയ്ത 1932 ലക്ഷം രൂപ ഉൾപ്പെടെ 3103.69 ലക്ഷം രൂപ 2016-2017 വർഷത്തിൽ അധികമായി ലഭിച്ചിട്ടുണ്ട്.

ശിപാർശ

(03)—സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ

വിഹിതം : 15,00,00,000 രൂപ (പദ്ധതിയേതരം)

ഇ.എസ്.ഐ. കോർപ്പറേഷന്റെ പുതിയ നയത്തിന്റെ ഭാഗമായി മുഴുവൻ ചെലവുകളും മുൻകൂറായി വകുപ്പുതന്നെ നേരിട്ട് വഹിക്കേണ്ടതിനാൽ നിലവിലെ രീതിയിൽ ഈ പദ്ധതി തുടരുന്നതിന് നിലവിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി

മനസ്സിലാക്കുന്നു. സർക്കാർ ഫണ്ടിലേക്ക് തിരികെ ലഭിക്കുന്ന തുകയായതിനാൽ ഈ ശീർഷകത്തിൽ 1500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സർക്കാർ സ്വീകരിച്ച നടപടി

നിയമസഭാ സമിതി ശിപാർശ ചെയ്ത 1500 ലക്ഷം രൂപ ഉൾപ്പെടെ 1920 ലക്ഷം രൂപ 2016-2017 വർഷത്തിൽ അധികമായി ലഭിച്ചിട്ടുണ്ട്.

ശിപാർശ

(04)—മെഡിക്കൽ ക്ലെയിംസിന്റെ റീ-ഇംബേഴ്സ്മെന്റ്

വിഹിതം : 10,64,80,000 രൂപ

ഇ.എസ്.ഐ. പദ്ധതിയിൽ ഇൻഷ്വർ ചെയ്യപ്പെട്ട തൊഴിലാളികളുടെ ചികിത്സയുടെ ചെലവ് റീം-ഇംബേഴ്സ്മെന്റ് ചെയ്തു നൽകുന്നതിനുള്ള തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ 2016-17 വർഷത്തേക്ക് 1800 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 1064.80 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. തൊഴിലാളികളുടെ എണ്ണം വർഷംതോറും വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ മുൻ വർഷങ്ങളിലെ കുടിശ്ശിക തീർക്കാൻ ഇപ്പോൾ ബഡ്ജറ്റിൽ വകയിരുത്തിയ തുക മതിയാകില്ല. ഈ തുകയുടെ 7/8 ഭാഗവും ഇ.എസ്.ഐ. കോർപ്പറേഷൻ നാലു ഗഡുക്കളായി ഗവൺമെന്റ് അക്കൗണ്ടിൽ നിക്ഷേപിക്കുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 735.20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സർക്കാർ സ്വീകരിച്ച നടപടി

നിയമസഭാ സമിതി ശിപാർശ ചെയ്ത തുക ലഭിച്ചില്ല. 250 ലക്ഷം രൂപ ടി ശീർഷകത്തിൽ 2016-2017 വർഷത്തിൽ അധികമായി ലഭിച്ചിട്ടുണ്ട്.

2230-01-103-96—കശുവണ്ടി തൊഴിലാളി ക്ഷേമനിധി അംശദാനം

വിഹിതം : 2,40,00,000 രൂപ (പദ്ധതിയേതരം)

2015-16-ലെ പെൻഷൻ ബാധ്യത കൊടുത്തു തീർക്കുന്നതിനും നടപ്പു സാമ്പത്തിക വർഷത്തെ പെൻഷൻ വിതരണം ചെയ്യുന്നതിനും ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5653.53 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേരള കശുവണ്ടി തൊഴിലാളി ആശ്വാസക്ഷേമനിധി ബോർഡിന്റെ 2016-17-ലെ ബഡ്ജറ്റ് വിഹിതം 240 ലക്ഷം രൂപയായിരുന്നു. ഈ തുകയ്ക്ക് പുറമെ 2016-17 സാമ്പത്തിക വർഷം അധികമായി അനുവദിച്ച 5487.68 ലക്ഷം (അയ്യായിരത്തി നാനൂറ്റി എൺപത്തിയേഴ് ദശാംശം ആറ് എട്ട് ലക്ഷം) രൂപ ഉപയോഗിച്ച് 2016 ഒക്ടോബർ മാസംവരെയുള്ള പെൻഷൻ വിതരണം കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ നടത്തി.

<u>ശിപാർശ</u>

2230-01-103-94-10—<u>മരംകയറ്റ തൊഴിലാളികൾക്കുള്ള സാമ്പത്തിക സഹായം (ജനറൽ) സംഭാവന</u>

വിഹിതം : 1,00,00,000 രൂപ (പദ്ധതിയേതരം)

മരംകയറ്റ തൊഴിലാളികൾക്ക് ജോലിക്കിടയിൽ അപകടം സംഭവിക്കുകയാണെങ്കിൽ അവർക്കോ ആശ്രിതർക്കോ ഈ പദ്ധതി പ്രകാരം നൽകിവരുന്ന സാമ്പത്തിക സഹായം 28-11-2014 മുതൽ വർദ്ധിപ്പിച്ച സാഹചര്യത്തിൽ 2015-16-ലെ വർദ്ധിപ്പിച്ച നിരക്കിലുള്ള കുടിശ്ശികയും, 2016-17-ലെ ധനസഹായം വിതരണം ചെയ്യുന്നതിനും ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, പ്രസ്തുത ശീർഷകത്തിൽ 111.40 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

1980-ലെ കേരള മരം കയറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരമുള്ള ധനസഹായം നൽകുന്നതിനായി 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 1,00,00,000 രൂപ (ഒരു കോടി രൂപ മാത്രം) 19-8-2016-ലെ സ.ഉ. (സാധാ) നം.1059/16/തൊഴിൽ പ്രകാരം പിൻവലിക്കുന്നതിന് ലേബർ കമ്മീഷണർക്ക് അനുമതി നൽകിയിരുന്നു. മേൽ പദ്ധതി പ്രകാരമുള്ള ധനസഹായം നൽകുന്നതിന് സമിതി ശിപാർശ ചെയ്ത തുക അനുവദിക്കുന്നതിന് ധനപുനർവിനിയോഗ ശിപാർശ സമർപ്പിക്കുവാൻ ഈ സാമ്പത്തിക വർഷാവസാനം ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടിരുന്നു. എന്നാൽ 2016-17 സാമ്പത്തിക വർഷം അവസാനിച്ചതിനാൽ, ധനപുനർവിനിയോഗ ശിപാർശ സമർപ്പിക്കുവാൻ സാധിക്കുകയില്ല എന്ന വിവരം സവിനയം സമിതിയെ അറിയിക്കുന്നു.

ശിപാർശ

2230-01-103-86—കേരളത്തിലെ തയ്യൽ തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതിയും മറ്റ് പുതിയ ക്ഷേമ പദ്ധതികളും

വിഹിതം : 1,00,00,000 രൂപ (പദ്ധതിയേതരം)

2015-16-ലെ പെൻഷൻ കുടിശ്ശിക നൽകുന്നതിനും, 2016-17-ലെ പെൻഷൻ വിതരണം നടത്തുന്നതിനും ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായ തിനാൽ 5604.62 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സർക്കാർ സ്വീകരിച്ച നടപടി

1994-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി നിയമത്തിന്റെ സെക്ഷൻ 7(4) പ്രകാരം തയ്യൽത്തൊഴിലാളികളും, സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളും ഒരു വർഷം നൽകിയ അംശദായത്തിന്റെ 10%-നു തുല്യമായ തുക സർക്കാർ ഗ്രാന്റായി ക്ഷേമനിധിയിലേക്ക് നൽകേണ്ടതുണ്ട്. 2014-15 മുതൽ 2016-17 വരെ പെൻഷൻ നൽകിയ ഇനത്തിൽ ബോർഡിന് 76,02,89,000 രൂപ ലഭിക്കേണ്ടതുണ്ട് എന്ന് ലേബർ കമ്മീഷണറുടെ റിപ്പോർട്ടിൽ പറയുന്നുണ്ടെങ്കിലും ടി വർഷങ്ങളിൽ തയ്യൽ തൊഴിലാളികളിൽ നിന്നും, സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളിൽ നിന്നും അംശദായ ഇനത്തിൽ പിരിഞ്ഞുകിട്ടിയ തുകയും, അതിനാനുപാതികമായി ലഭിക്കേണ്ടിയിരുന്ന ഗ്രാന്റും സംബന്ധിച്ച വിശദ വിവരം ലേബർ കമ്മീഷണർ ലഭ്യമാക്കിയിരുന്നില്ല. ഇത്തരത്തിലുള്ള സമഗ്രമായ റിപ്പോർട്ടിന്റെ അഭാവത്തിലും, 2016-17 വർഷം അവസാനിച്ച സാഹചര്യത്തിലും, നിയമസഭ അംഗീകരിച്ച 2017-18 വർഷത്തേക്കുള്ള ബജറ്റിൽ '2230-01-103-86' എന്ന ശീർഷകത്തിൽ പദ്ധതിക്ക് 87,00,000 രൂപ വകയിരുത്തിയിട്ടുള്ളതിനാലും കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന് അധിക തുക അനുവദിക്കാനുള്ള ശിപാർശ അംഗീകരിക്കാൻ നിർവ്വാഹമില്ല എന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട് എന്ന വിവരം സമിതി മുൻപാകെ സവിനയം അറിയിക്കുന്നു.

ശിപാർശ

2230-01-103-77-10—കേരള ഓട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധിയിലേക്ക് സംഭാവന

വിഹിതം : 52,000 രൂപ (പദ്ധതിയേതരം)

2016-17 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ 48,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേരള ഓട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി പദ്ധതി 1991 വ്യവസ്ഥ 6, 1(c) പ്രകാരം തൊഴിലാളി വിഹിതത്തിന്റെ 10%മാണ് സർക്കാർ ധനസഹായമായി ലഭിക്കുന്നത്. 2014-15 സാമ്പത്തിക വർഷം തൊഴിലാളി വിഹിതമായി 1,61,302 രൂപയും, 2015-16 സാമ്പത്തിക വർഷം 1,40,600 രൂപയും ബോർഡിന് ലഭിച്ചിട്ടുണ്ട്. ആയതിൻപ്രകാരം യഥാക്രമം 2014-15-ൽ 16,130 രൂപയും 2015-16-ൽ 14,060 രൂപയുമാണ് സർക്കാരിൽ നിന്നും ഗ്രാന്റായി ലഭിക്കേണ്ടിയിരുന്നത്. എന്നാൽ 2012-13, 2013-14 വരെ സാമ്പത്തിക വർഷങ്ങളിൽ ബോർഡിന് ലഭിച്ച 1.74 ലക്ഷം രൂപയുടെ ഗ്രാന്റിൽ 1.19 ലക്ഷം രൂപ അധികമാണെന്ന് അക്കൗണ്ടന്റ് ജനറൽ കണ്ടെത്തിയിട്ടുള്ളതിനാൽ 2014-15, 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ യാതൊരു തുകയും അനുവദിക്കേണ്ടതില്ലായെന്നും വരുന്ന ഏതാനും വർഷങ്ങളിലും തുക അനുവദിക്കേണ്ടതില്ലായെന്നും ലേബർകമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം സമിതി മുൻപാകെ അറിയിക്കുന്നു.

<u>ശിപാർശ</u>

2230-01-103-72-10—<u>കേരള കർഷകത്തൊഴിലാളി ക്ഷേമബോർഡ്—അംശദാനവും—സംഭാവന</u>

വിഹിതം : 85,00,000 രൂപ (പദ്ധതിയേതരം)

2015-16 വർഷത്തെ മാച്ചിംഗ് ഗ്രാന്റായി 3378 ലക്ഷം രൂപയ്ക്ക് ബോർഡിന് അർഹതയുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള 85 ലക്ഷം രൂപയ്ക്കു പുറമേ 3293 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ '2230-01-103-72-10' എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്ന 85,00,000 രൂപ (എൺപത്തിയഞ്ച് ലക്ഷം രൂപ മാത്രം) 3-8.2016-ലെ സ.ഉ. (സാധാ) നമ്പർ 958/2016/തൊഴിൽ പ്രകാരം പിൻവലിക്കുന്നതിന് ലേബർ കമ്മീഷണർക്ക് അനുമതി നൽകിയിരുന്നു. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് മേൽ ശീർഷകത്തിൽ 3291 ലക്ഷം രൂപ അനുവദിക്കുന്നതിലേയ്ക്കായി ധനപുനർവിനിയോഗ ശിപാർശ സമർപ്പിക്കുവാൻ ഈ സാമ്പത്തിക വർഷാവസാനം ധനകാര്യവകുപ്പ് ആവശ്യപ്പെട്ടിരുന്നു. എന്നാൽ,

2016-17 സാമ്പത്തിക വർഷം അവസാനിച്ചതിനാൽ, ധനപുനർവിനിയോഗ ശിപാർശ സമർപ്പിക്കുവാൻ സാധിക്കുകയില്ല എന്ന വിവരവും സമിതിയെ അറിയിക്കുന്നു.

ശിപാർശ

2230-01-103-65—രാഷ്ട്രീയ സ്വസ്ഥ്യ ബീമാ യോജന (60 % കേന്ദ്ര സഹായം)

വിഹിതം : 125,00,00,000 രൂപ (പദ്ധതി)

2015-16 സാമ്പത്തിക വർഷത്തെ കേന്ദ്ര കുടിശ്ശിക വിഹിതം ലഭിക്കുന്നതിനും 22.77 ലക്ഷം പോളിസികൾ പുതുക്കുന്നതിനും 2016-17 ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 1374 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സർക്കാർ സ്വീകരിച്ച മറുപടി

സമിതി ശിപാർശ ചെയ്ത അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

2230-01-103-57-10—കേരള ആഭരണ തൊഴിലാളി ക്ഷേമനിധി—സംഭാവന

വിഹിതം : 1,40,000 രൂപ (പദ്ധതിയേതരം)

കേരള ജ്വലറി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ആക്ട് പ്രകാരം അംഗങ്ങളുടെ സബ്സ്ക്രിപ്ഷന്റെ 5% ഷെയറായി ബോർഡിന് നൽകണമെന്നതിന്റെ അടിസ്ഥാനത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ 1.40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ, 2015-16 വർഷം പ്രസ്തുത ശീർഷകത്തിൽ 1000 രൂപ മാത്രമാണ് വകയിരുത്തിയിരുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 17.50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

സർക്കാർ സ്വീകരിച്ച നടപടി

2014-15, 2016-17 എന്നീ വർഷങ്ങളിലെ സർക്കാർ വിഹിതം മാത്രമേ ബോർഡിന് അനുവദിച്ച് നൽകിയിട്ടുള്ളുവെന്നും 2011-12, 2012-13, 2013-14, 2015-16 വരെയുള്ള കാലയളവിൽ അംശാദായ ഇനത്തിൽ കുടിശ്ശികയായി ലഭിക്കുവാനുള്ള തുകയായ 4,25,888 രൂപ അനുവദിക്കണമെന്നും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആവശ്യപ്പെട്ടിരുന്നു.

2017-18 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ '2230-01-103-57-10 കേരള ആഭരണ തൊഴിലാളി ക്ഷേമനിധി സംഭാവന' എന്ന ശീർഷകത്തിൽ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിന് 2,25,000 (രണ്ട് ലക്ഷത്തി ഇരുപത്തയ്യായിരം രൂപ മാത്രം) രൂപ വകയിരുത്തിയിരുന്നു. 12-4-2017-ലെ സ.ഉ.(സാധാ) നമ്പർ 3360/2017/ധന. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2017-18 സാമ്പത്തിക വർഷം മേൽ ശീർഷകത്തിൽ 2,01,000 രൂപ അധിക തുകയായി അനുവദിക്കുകയും ചെയ്തിരുന്നു. ഇപ്രകാരം അനുവദിച്ച 4,26,000 രൂപ (നാല് ലക്ഷത്തി ഇരുപത്താറായിരം രൂപ മാത്രം) 25-4-2017-ലെ സ.ഉ. (സാധാ) നമ്പർ 560/2017/തൊഴിൽ ഉത്തരവ് പ്രകാരം ലേബർ കമ്മീഷണർക്ക് റിലീസ് ചെയ്തു നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## ശിപാർശ

### 2230-01-103-52—ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (ആവാസ്)

വിഹിതം : 1,000 രൂപ (പദ്ധതി)

ഇതര സംസ്ഥാന തൊഴിലാളികൾ കൂടുതലായി പണിയെടുക്കുന്ന കേരളത്തിൽ അവരുടെ ക്ഷേമത്തിനായി തൊഴിൽ വകുപ്പ് ഏർപ്പെടുത്തിയിരിക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ ആവാസ് മുഖേന പ്രസ്തുത തൊഴിലാളികളെ മുഴുവൻ രജിസ്റ്റർ ചെയ്യുവാനും മൂന്ന് വർഷത്തിൽ കുറയാതെ സംസ്ഥാനത്ത് താമസിച്ച് ജോലി ചെയ്യുവരുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് നൽകുന്നതിനുമായുള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 5 ലക്ഷത്തോളം തൊഴിലാളികളെ തെരഞ്ഞെടുത്ത് അംഗത്വം നൽകാനും തെരഞ്ഞെടുക്കപ്പെട്ട ഉചിതമായ ഏജൻസിയെക്കൊണ്ട് പദ്ധതി നടപ്പിലാക്കാനുമാണ് ഉദ്ദേശിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. ഇതര സംസ്ഥാന തൊഴിലാളികൾ വാഹകരായി കൊണ്ടുവരുന്ന രോഗങ്ങളും ഇവർ താമസിക്കുന്ന വൃത്തിഹീനമായ സാഹചര്യങ്ങളിൽ നിന്നും പൊട്ടിപ്പുറപ്പെടുന്ന പുതിയ രോഗങ്ങളും ഭീഷണിയാകുന്ന സാഹചര്യത്തിൽ ആവാസ് പോലുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികൾ പ്രാധാന്യമർഹിക്കുന്നതായി സമിതി നിരീക്ഷിക്കുന്നു.

(ഖണ്ഡിക 34)

2016-17 സാമ്പത്തിക വർഷത്തിലെ ആൾട്ടറേഷൻ മെമ്മോറാണ്ടത്തിൽ ടോക്കൺ പ്രൊവിഷൻ മാത്രം ഉൾപ്പെടുത്തിയിട്ടുള്ള പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി പത്ത് കോടി രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശക്തമായി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2017-18 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്കായുള്ള ആരോഗ്യ ഇൻഷ്വറൻസ് (ആവാസ്) പദ്ധതിയ്ക്കായി '2230-01-103-52' എന്ന ശീർഷകത്തിൽ പത്ത് കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

<u>ശിപാർശ</u>

2230-01-103-35—<u>കേരള ചുമട്ടുതൊഴിലാളി (വിഭിന്ന മേഖലയിൽ പണിയെടുക്കുന്നവർ) ക്ഷേമ പദ്ധതി</u>

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

സംസ്ഥാനത്തെ സ്കാറ്റേർഡ് ചുമട്ടുതൊഴിലാളികൾക്ക് വിവിധ ആനുകൂല്യങ്ങളും പെൻഷനും നൽകിവരുന്ന ഈ പദ്ധതിക്ക് 2016-17-ൽ 1,000 രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. 2014-15, 2015-16 എന്നീ വർഷങ്ങളിലെ കുടിശ്ശിക ഉൾപ്പെടെ 1056 ലക്ഷം രൂപ സർക്കാർ സഹായമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2016-17 സാമ്പത്തിക വർഷം കേരള ചുമട്ടു തൊഴിലാളി (വിഭിന്ന മേഖലകളിൽ പണിയെടുക്കുന്നവർ) ക്ഷേമപദ്ധതിക്കായി '2230-01-103-35' എന്ന ശീർഷകത്തിൽ 31-8-2016-ലെ സ.ഉ.(സാധാ) നമ്പർ 7201/2016/ധന. ഉത്തരവ് പ്രകാരം 6,49,73,000 രൂപ അഡീഷണൽ ആതറൈസേഷൻ അനുവദിച്ചിരുന്നു. എന്നാൽ ടി തുകയിൽ നിന്നും 5,58,72,952 രൂപ മാത്രമേ ബോർഡ് വിനിയോഗിച്ചിട്ടുള്ളൂ. 2016 ഒക്ടോബർ വരെയുള്ള പെൻഷൻ വിതരണം ചെയ്തുവെന്നും, 2017 മാർച്ച് വരെ തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിന് ഇനി ആവശ്യമായ തുക 1,64,79,000 രൂപയാണെന്നും ചീഫ് എക്സിക്യൂട്ടീവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അനുവദിച്ചതിൽ 91,00,048 രൂപ (തൊണ്ണൂറ്റി ഒന്ന് ലക്ഷത്തി നാൽപ്പത്തെട്ട് രൂപ) വിനിയോഗിക്കാതെ ബാക്കിയുള്ള സാഹചര്യത്തിൽ പദ്ധതിക്ക് നിയമസഭാ സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള അധികതുക ഈ വർഷം അനുവദിക്കാനാവില്ല എന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട് എന്ന വിവരം സമിതി മുൻപാകെ അറിയിക്കുന്നു.

<u>ശിപാർശ</u>

2230-01-103-20 —<u>ചുമട്ടു തൊഴിലാളി (അൺ -അറ്റാച്ച്ഡ് വിഭാഗം) ക്ഷേമപദ്ധതി</u>

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

കേരള ചുമട്ടുതൊഴിലാളി ക്ഷേമ പദ്ധതിക്കായി 2016-17 സാമ്പത്തിക വർഷത്തിൽ 1,000 രൂപ ടോക്കൺ പ്രൊവിഷനായി വകയിരുത്തിയിരിക്കുന്നു. 2014-15, 2015-16 എന്നീ വർഷങ്ങളിലെ പെൻഷൻ കുടിശ്ശികയും, 2016-17 സാമ്പത്തിക വർഷത്തെ പെൻഷനും നൽകുന്നതിന് 9.19 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

സർക്കാർ സ്വീകരിച്ച നടപടി

കേരള ചുമട്ടു തൊഴിലാളി (അൺ-അറ്റാച്ചഡ് വിഭാഗം) ക്ഷേമപദ്ധതിയിൽ സർക്കാർ വിഹിതം നൽകണമെന്നത് സംബന്ധിച്ച് വ്യവസ്ഥകളൊന്നുമില്ലാത്തതിനാൽ നിയമസഭാ സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള അധിക തുക പദ്ധതിക്ക് അനുവദിക്കാനാവില്ല എന്ന് ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടിരിക്കുന്നു. മേൽ വിവരം സമിതി മുൻപാകെ സവിനയം അറിയിക്കുന്നു.

ശിപാർശ

2230-02-101-98—തൊഴിലില്ലാത്തവർക്ക് സഹായം നൽകാനുള്ള പദ്ധതിയും രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലില്ലാത്തവർക്ക് വേണ്ടി കേരള സ്വയംതൊഴിൽ കണ്ടെത്തൽ പദ്ധതിയും

വിഹിതം : 3,95,03,000 രൂപ (പദ്ധതിയേതരം)

2015-16 സാമ്പത്തിക വർഷത്തിൽ സ്വയംതൊഴിൽ പദ്ധതിയുടെ പ്രചരണത്തിന്റെ ഭാഗമായി 14 ജില്ലകളിലേയും താലൂക്ക് കേന്ദ്രങ്ങളിൽ സ്വയംതൊഴിൽ പദ്ധതി ബോധവത്കരണ ശിൽപ്പശാലയും അപേക്ഷ വിതരണവും നടത്തിയിരുന്നതായും ഇതിന്റെ ഭാഗമായി പദ്ധതിപ്രകാരം വായ്പ ലഭിക്കുന്നതിനുള്ള ധാരാളം അപേക്ഷകൾ 14 ജില്ലാ എംപ്ലോയ്മെന്റ് ഓഫീസുകളിലും ലഭിക്കുകയും തുടർ നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നതായി സമിതി മനസ്സിലാക്കുന്നു. അപേക്ഷകൾക്ക് പൂർണ്ണമായും സബ്സിഡി നൽകുന്നതിനായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്ത മായതിനാൽ പ്രസ്തുത ശീർഷകത്തിൽ 16.90 ലക്ഷം രൂപ അധികമായി വകയിരുത്തണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

സർക്കാർ സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷത്തിൽ തൊഴിലില്ലാത്തവർക്ക് സഹായം നൽകുന്നതിനുള്ള പദ്ധതിക്കും രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലില്ലാത്തവർക്ക് വേണ്ടിയുള്ള

കേരള സ്വയംതൊഴിൽ കണ്ടെത്തൽ പദ്ധതിയ്ക്കും (കെസ്റ്റു) 16.90 ലക്ഷം അധികമായി വകയിരുത്തണമെന്ന് സബ്ജക്ട് കമ്മിറ്റി -VII ഖണ്ഡിക 54 പ്രകാരം ശിപാർശ ചെയ്തിരുന്നു. എന്നാൽ ടി പദ്ധതിക്ക് 2016-17 വർഷത്തിലെ ബഡ്ജറ്റ് വിഹിതത്തിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമായതിനാൽ പ്രസ്തുത ഇനത്തിൽ അധിക തുക ആവശ്യമില്ലെന്ന് എംപ്ലോയ്മെന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം സമിതി മുൻപാകെ അറിയിക്കുന്നു.

## ശിപാർശ

2230-02-101-93—എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഭിന്നശേഷിയുള്ളവർക്കായുള്ള പുനരധിവാസവും ക്ഷേമ പ്രവർത്തനവും (കൈവല്യ)

വിഹിതം : 1,000 രൂപ (പദ്ധതി)

സംരംഭകത്വ അഭിരുചിയുള്ള വിഭിന്ന ശേഷിയുള്ള ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ സാമ്പത്തിക സഹായവും പരിശീലനവും മാർഗ്ഗനിർദ്ദേശവും ലക്ഷ്യമിടുന്ന കൈവല്യ പദ്ധതിയുടെ നടത്തിപ്പിനായി 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 50 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

## സർക്കാർ സ്വീകരിച്ച നടപടി

സംരംഭകത്വ അഭിരുചിയുള്ള വിഭിന്ന ശേഷിയുള്ള ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ സാമ്പത്തിക സഹായവും പരിശീലനവും നൽകുവാൻ കൈവല്യ പദ്ധതി ലക്ഷ്യമിടുന്നു. വിഭിന്ന ശേഷിയുള്ള ഉദ്യോഗാർത്ഥികൾക്ക് അനുയോജ്യമായ തൊഴിൽ കണ്ടെത്താൻ ആവശ്യമായ തൊഴിൽ മാർഗ്ഗനിർദ്ദേശം നൽകുവാനും പദ്ധതി വിഭാവനം ചെയ്യുന്നുണ്ട്. മത്സരപരീക്ഷകൾക്ക് ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുന്നതിനായി പരിശീലനം നൽകുവാനും പദ്ധതി ലക്ഷ്യമിടുന്നു. 2016-17 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 1,000 രൂപ മാത്രമാണ് അനുവദിച്ചത്. പ്രസ്തുത തുക ഈ സാമ്പത്തിക വർഷത്തേക്ക് അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ കൂടി അധികം അനുവദിക്കാൻ സബ്ജക്ട് കമ്മിറ്റി VII ഖണ്ഡിക 60 പ്രകാരം ശിപാർശ ചെയ്തിരുന്നു. ടി പദ്ധതിക്ക് ഭേദഗതി പത്രികയിൽ '2230-02-101-93 (P)' എന്ന ശീർഷകത്തിൽ പദ്ധതി നടത്തിപ്പിനായി 50 ലക്ഷം രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രസ്തുത ഇനത്തിൽ തുക ആവശ്യമില്ലെന്ന് എംപ്ലോയ്മെന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം സമിതി മുമ്പാകെ അറിയിക്കുന്നു.

ശിപാർശ

2230-02-101-92—മൾട്ടി പർപ്പസ് ജോബ് ക്ലബ്ബുകൾ

വിഹിതം : 100,00,000 രൂപ (പദ്ധതി)

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യുന്ന തൊഴിൽ രഹിതരായ ഉദ്യോഗാർത്ഥികൾക്ക് അവരുടെ അഭിരുചിക്കനുസരിച്ച് സ്വയം തൊഴിലിനായി ബാങ്ക് ലോൺ സൗകര്യം ഏർപ്പെടുത്തുന്നതിനായി ഈ പദ്ധതിയുടെ സഹായം ലഭിക്കുന്നതിനായി ധാരാളം അപേക്ഷകൾ ലഭിക്കുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത അപേക്ഷകൾക്ക് സബ്സിഡി നൽകുന്നതിന് 2016-17-ലെ ബഡ്ജറ്റിലെ തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

സർക്കാർ സ്വീകരിച്ച നടപടി

മൾട്ടിപർപ്പസ് ജോബ് ക്ലബ്ബ് പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന ഒരു കോടി രൂപയിൽ നിന്ന് ഇതുവരെ 79,97,467 രൂപ ചെലവഴിച്ച് കഴിഞ്ഞു. ഇനി 20,02,533 രൂപ ബഡ്ജറ്റ് വിഹിതത്തിൽ അവശേഷിക്കുന്നുണ്ട്. ഈ സാമ്പത്തിക വർഷം അവസാനിക്കാറായ സാഹചര്യത്തിൽ ബാങ്കുകൾ വായ്പ അനുവദിക്കുന്ന അപേക്ഷകളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ, കമ്മിറ്റി ശിപാർശ ചെയ്ത 50 ലക്ഷം രൂപ ലഭിച്ച് കഴിഞ്ഞാൽ ടി തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാകാനിടയുണ്ടെന്നും, ആയതിനാൽ നിലവിൽ കമ്മിറ്റി ശിപാർശ ചെയ്ത 50 ലക്ഷം രൂപ ആവശ്യമില്ലെന്നും എംപ്ലോയ്മെന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം സമിതി മുൻപാകെ അറിയിക്കുന്നു.

ശിപാർശ

2230-02-101-91—രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ/ഉപേക്ഷിക്കപ്പെട്ടവർ/ വേർപിരിഞ്ഞവർ/ അവിവാഹിതർ/ വിവാഹം കഴിക്കാത്ത അമ്മമാർ എന്നിവർക്കായുള്ള സ്വയംതൊഴിൽ പദ്ധതി (ശരണ്യാ)

വിഹിതം : 16,00,00,000 രൂപ (പദ്ധതി)

അംഗപരിമിതരായ വനിതകളേയും, ഭർത്താവ് ശയ്യാവലംബരായ വനിതകളെയും കൂടി ശരണ്യാ പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹരാക്കുകയും നിലവിൽ വായ്പ അനുവദിച്ചിട്ടുള്ളവർക്ക് സംരംഭങ്ങൾ വിപുലീകരിക്കാൻ തുടർവായ്പ നൽകുന്നതിനും 28-1-2016-ലെ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയ സാഹചര്യത്തിൽ

മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കായി 2016-17 ബജറ്റിൽ നിലവിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമേ 400 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

## സർക്കാർ സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷം അവസാനിക്കാൻ കുറച്ച് ദിനങ്ങൾ മാത്രം ബാക്കിയുള്ളതിനാലും, എംപ്ലോയ്മെന്റ് ഡയറക്ടർ വിശദമായ ശിപാർശ സമർപ്പിച്ചിട്ടില്ലാത്തതിനാലും, 2017-18-ലെ ബഡ്ജറ്റ് നിയമസഭ അംഗീകരിച്ച സാഹചര്യത്തിലും, ശരണ്യ പദ്ധതിക്കായി 2016-17 വർഷം അധിക തുക വകയിരുത്തുന്നതിനുള്ള ശിപാർശ അംഗീകരിക്കാൻ കഴിയില്ലെന്നും, അധികതുക ആവശ്യമുള്ളപക്ഷം മേജർ ശീർഷകത്തിൽ സേവിംഗ്സ് കണ്ടെത്തി അവയ്ക്ക് യുക്തമായ കാരണങ്ങൾ സഹിതം ധനപുർവിനിയോഗ ശിപാർശ സമർപ്പിക്കുവാനും ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിവരം 4-4-2017-ലെ തൊഴിൽ-എച്ച്1/18/2017-തൊഴിൽ നമ്പർ കത്ത് പ്രകാരം എംപ്ലോയ്മെന്റ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട് എന്നുള്ള വിവരം സമിതി മുൻപാകെ അറിയിക്കുന്നു.

## ശിപാർശ

### 2230-03-800-94-36—കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലേബർ എംപ്ലോയ്മെന്റ് സഹായധനം ശമ്പളേതരം (കിലെ)

വിഹിതം : 2,80,00,000 രൂപ (പദ്ധതി)

പരമ്പരാഗത വ്യവസായങ്ങളിലെ തൊഴിലാളികൾക്ക് വേണ്ടിയുള്ള ഇൻഡസ്ട്രിയൽ-കം-എന്റർടൈൻമെന്റ് ടൂർ, തൊഴിൽ വകുപ്പിന്റെ വേതന സുരക്ഷാ പദ്ധതിയുടെയും ഓൺലൈൻ രജിസ്ട്രേഷനുമുള്ള ബഹുമുഖ ബോധവൽക്കരണ വാഹനം, കിലെയുടെ ട്രെയിനിംഗ് പ്രോഗ്രാമിൽ പങ്കെടുക്കുന്ന തൊഴിലാളികൾക്ക് നൽകുന്നതിനുള്ള ദിനബത്ത എന്നിവയ്ക്കും, കിലെ ദേശീയ നിലവാരമുള്ള സ്ഥാപനമായി ഉയർത്തി പുറത്ത് അക്കാദമിക് കോഴ്സുകൾ നടത്തുന്നതിനുമുള്ള സൗകര്യങ്ങളോടുകൂടി ഒരു ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങി ആദ്യ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, പ്രസ്തുത ശീർഷകത്തിൽ 421 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 78)

സർക്കാർ സ്വീകരിച്ച നടപടി

പദ്ധതിയിനത്തിൽ 2016-17 സാമ്പത്തിക വർഷം കിലെയ്ക്ക് വകയിരുത്തിയിരുന്ന രണ്ട് കോടി എൺപത് ലക്ഷം രൂപ സ.ഉ. (സാധാ) നം. 1252/2016/തൊഴിൽ തീയതി 15-10-2016 പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ടായിരുന്നു. ടി തുക കിലെ പൂർണ്ണമായി ചെലവഴിച്ചിട്ടില്ല. മാർച്ച് 31-നകം തുക ചെലവഴിച്ച് തീർക്കുന്നതിനുള്ള ത്വരിത പ്രവർത്തനത്തിലാണെന്ന് കിലെ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. സാമ്പത്തിക വർഷം അവസാനിക്കാറായതിനാലും അനുവദിച്ച തുക പൂർണ്ണമായും ചെലവഴിക്കാത്ത സാഹചര്യത്തിലും സമിതി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിക്കേണ്ടതില്ലെന്ന വിവരം അറിയിക്കുന്നു.

ശിപാർശ

4250-00-800-99—നിയമസഭാ സമാജികർക്കുള്ള പ്രത്യേക വികസന ഫണ്ട്

വിഹിതം : 1,41,00,00,000 രൂപ (പദ്ധതി)

നിയമസഭാ സാമാജികരുടെ മണ്ഡല ആസ്തി വികസനത്തിനായി ഓരോ കോടി രൂപ ആണ് അനുവദിക്കുന്നത്. എന്നാൽ ഈ തുക വികസന പ്രവർത്തനങ്ങൾക്ക് അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ നിയമസഭാ സാമാജികരുടെ വികസന ഫണ്ട് 2 കോടി രൂപ ആയി ഉയർത്തണമെന്നും ഇതിനായി ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 82)

സർക്കാർ സ്വീകരിച്ച നടപടി

എം.എൽ.എ.മാർക്ക് അവരവരുടെ നിയോജക മണ്ഡലത്തിൽ ജനോപകാരപ്രദവും മൂലധന സ്വഭാവമുള്ളതും ദീർഘകാലം നിലനിൽക്കുന്നതുമായ ആസ്തികൾ സൃഷ്ടിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തികൾ നടപ്പിലാക്കുന്നതിനായി ഓരോ എം.എൽ.എ.-യ്ക്കും പ്രത്യേക വികസന ഫണ്ട്, നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് എന്നീ ഇനങ്ങളിൽ യഥാക്രമം 1 കോടി രൂപയും, 5 കോടി രൂപയും ഉൾപ്പെടെ ആകെ 6 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. '4250-00-800-99 (Plan)' ശീർഷകത്തിൽ ഓരോ എം.എൽ.എ.-യ്ക്കും 1 കോടി രൂപ നിരക്കിൽ ആകെ 141 കോടി രൂപയും, ആസ്തി വികസന ഫണ്ടിനത്തിൽ 26 വിവിധ ശീർഷകങ്ങളിലായി ആകെ 705 കോടി രൂപയും 2016-17 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിലും നിലവിലെ സാമ്പത്തിക സ്ഥിതിയിലും ഒരു കോടി രൂപ എന്നത് 2 കോടി രൂപയായി വർദ്ധിപ്പിക്കുവാൻ നിർവ്വാഹമില്ല എന്ന് അറിയിക്കുന്നു.

<u>ശിപാർശ</u>

2801-80-101-90—<u>രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി (സംസ്ഥാന വിഹിതം)</u>

വിഹിതം : 1000 രൂപ

രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതികളുടെ 2015-16-ലെ സർക്കാർ ബഡ്ജറ്റിൽ അനുവദിച്ച 10 കോടി രൂപ ഇതുവരെ ലഭ്യമാക്കിയിട്ടില്ലായെന്നും, പ്രസ്തുത തുക 2016-17 ൽ E-LAMS-ൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ E-LAMS-ൽ ഉൾപ്പെടുത്തിയ പ്രസ്തുത 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

( ഖണ്ഡിക 87)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതികൾക്കായി 2016-17-ൽ E-LAMS-ൽ ഉൾപ്പെടുത്തിയ 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2810-00-800-94—<u>മീറ്റർ ടെസ്റ്റിംഗ് ആന്റ് സ്റ്റാൻഡേർഡ് ലബോറട്ടറി (എം.റ്റി.എസ്.എൽ.)</u>

വിഹിതം : 200,00,000 രൂപ (പദ്ധതി)

4810-00-800-99—<u>മീറ്റർ ടെസ്റ്റിംഗ് ആന്റ് സ്റ്റാൻഡേർഡ് ലബോറട്ടറി-മരാമത്ത് പണികൾ</u>

വിഹിതം : 5,30,00,000 രൂപ (പദ്ധതി)

ബി.ഐ.എസ്. നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി വൈദ്യുതി ഉപകരണങ്ങൾ, പൊതുജനങ്ങൾ ഉപയോഗിക്കുന്ന സംരക്ഷണ ഉപാധികൾ തുടങ്ങിയവയുടെ നിർമ്മാണം, ശേഖരണം, വില്പന, വിതരണം എന്നിവയ്ക്കായാണ് '2810-00-800-94' എന്ന ശീർഷകത്തിൽ തുക വകയിരുത്തിയിരിക്കുന്നത്. സോളാർ ഫോട്ടോ വോൾട്ടാമിക് സിസ്റ്റത്തിന്റെ ലൈസൻസിംഗും പരിശോധന സൗകര്യങ്ങളും ഉൾപ്പെടുത്തുക, എറണാകുളത്തും കോഴിക്കോട്ടുമുള്ള റീജണൽ ലബോറട്ടറികളിൽ എനർജി മീറ്റർ ടെസ്റ്റ് ബ്രാഞ്ച് സ്ഥാപിക്കൽ, എൽ.ഇ.ഡി. ലൈറ്റിങ് പരിശോധിക്കുന്നതിനുള്ള മൊബൈൽ ടെസ്റ്റിംഗ് യൂണിറ്റ് സജ്ജമാക്കുക തുടങ്ങിയ ആവശ്യങ്ങൾക്കായാണ് '4810-00-800-99' എന്ന ശീർഷകത്തിൽ തുക വകയിരുത്തിയിരിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു.

(ഖണ്ഡിക 96)

ഇൻസ്പെക്ടറേറ്റിന്റെ മേൽ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനും ഫലപ്രദമാക്കുന്നതിനുമായി സ്ഥാപിച്ച ഉപകരണങ്ങൾക്കുള്ള ചെലവിനത്തിൽ കുടിശ്ശിക ബാധ്യത തീർക്കുന്നതിനായി 2015-16 സാമ്പത്തിക വർഷം 21.99 ലക്ഷം രൂപ അഡീഷണൽ ഓതറൈസേഷൻ ആയി ലഭിച്ചെങ്കിലും ട്രഷറി നിയന്ത്രണംമൂലം വകുപ്പിന് തുക ലഭിച്ചിട്ടില്ലെന്നും കൂടാതെ ഇലക്ട്രോണിക് ലഡ്ജറിലേയ്ക്ക് മാറ്റിയ രൂപയും വകുപ്പിന് ലഭിക്കേണ്ടതുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു.

(ഖണ്ഡിക 97)

## സർക്കാർ സ്വീകരിച്ച നടപടി

2015-16 സാമ്പത്തിക വർഷം അഡീഷണൽ ഒതറൈസേഷൻ ലഭിച്ച 21.99 ലക്ഷം രൂപ 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ചെലവഴിക്കാൻ കഴിയുമെന്നുള്ളതിനാൽ ടി തുക റീ അപ്പോപ്രിയേഷൻ വഴി നികത്തേണ്ടതായോ സപ്ലിമെന്ററി ഗ്രാന്റായി ലഭിക്കേണ്ടതായോ ഉള്ള സാഹചര്യം നിലവിലില്ല എന്ന് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അറിയിച്ചിരിക്കുന്നു.

## ശിപാർശ

കുടിശ്ശിക ബാധ്യതകൾ നൽകുന്നതിനായി '2810-00-800-94' എന്ന ശീർഷകത്തിൽ 88.71 ലക്ഷവും, '4810-00-800-99' എന്ന ശീർഷകത്തിൽ 63.44 ലക്ഷവും രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 98)

## സർക്കാർ സ്വീകരിച്ച നടപടി

2016-17 സാമ്പത്തികവർഷം '2810-00-800-94—MTSL(Plan)' എന്ന ശീർഷകത്തിലും, '4810-00-800-99-MTSL (Plan)' എന്ന ശീർഷകത്തിലും ആവശ്യമായ തുക അവശേഷിക്കുന്നതിനാൽ മേൽ ശീർഷകങ്ങളിൽ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്ത തുകകൾ ആവശ്യമില്ല എന്ന് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അറിയിച്ചിരിക്കുന്നു.

## ശിപാർശ

2810-00-800-93—എനർജി മാനേജ്മെന്റ് സെന്റർ ധനസഹായം

വിഹിതം : 75,66,000 രൂപ (പദ്ധതിയേതരം)

ഇ. എം. സി. യുടെ പ്രവർത്തനം കേരളത്തിൽ മുഴുവനും വ്യാപിപ്പിക്കുന്നതിലേക്കായി എല്ലാ പഞ്ചായത്തുകളിലും ബോധവൽക്കരണ പരിപാടികൾ നടത്തിവരികയാൽ ജീവനക്കാർക്ക് കേരളത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും യാത്ര ചെയ്യേണ്ടതായി വരുന്നതിനാൽ

പ്രസ്തുത ചെലവുകൾക്കും, പോസ്റ്റ്, ടെലഫോൺ ചാർജ്ജ്, ഇലക്ട്രിസിറ്റി, വാട്ടർ, പ്രിന്റിംഗ് ചാർജ്ജ്, കരം, നികുതി പി.ഒ.എൽ. എന്നീ ഇനങ്ങളിലേക്കുമായി 2016-17 ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 91.19 ലക്ഷം രൂപ അധികം വകയിരുത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 99)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2016-17 വർഷത്തെ '2810-00-800-93-എനർജി മാനേജ്മെന്റ് സെന്റർ ധനസഹായം' എന്ന ശീർഷകത്തിൽ 91.19 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തതിൽ 50 ലക്ഷം രൂപ സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റിലൂടെ അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

ഇടമൺ-കൊച്ചി പാതയിൽ 400 കെ.വി. പ്രസരണ ലൈൻ വലിക്കുന്നതിനുള്ള നഷ്ടപരിഹാരതുക നൽകുന്നതിനായി 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ ശീർഷകം അനുവദിച്ചിട്ടില്ലാത്തതിനാൽ പുതിയൊരു ശീർഷകം (റവന്യൂ വിഭാഗത്തിൽ) അനുവദിക്കണമെന്നും ആകെ നഷ്ടപരിഹാര തുകയായി പ്രാഥമികമായി കണക്കാക്കി യിരിക്കുന്ന 1020 കോടി രൂപയിൽ സർക്കാർ വിഹിതമായി 510 കോടി രൂപ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 101)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേരളത്തിലെ വൈദ്യുതി പ്രസരണ മേഖല ശക്തിപ്പെടുത്തുന്നതിനും, കൂടംകുളം ആണവ നിലയത്തിൽ നിന്നും കേരളത്തിന് അനുവദിച്ചിട്ടുള്ള വൈദ്യുതി എത്തിക്കുന്നതിനുമായി നടപ്പാക്കുന്ന ഇടമൺ-കൊച്ചി 400 കെ.വി. പ്രസരണ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട അധിക നഷ്ടപരിഹാരം നൽകുന്നതിനുള്ള പാക്കേജിന് G.O.(Ms.)No.29/2015/PD dated 30-7-2015 & G.O.(Ms.) No.19/2016/Power dated 31-8-2016 പ്രകാരം അനുമതി നൽകിയിട്ടുള്ളതുമാണ്.

അധിക നഷ്ടപരിഹാരമായി ഏകദേശം 1020 കോടി രൂപ നൽകേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. പ്രസ്തുത തുകയുടെ 85% കേന്ദ്ര പവർ യൂട്ടിലിറ്റിയായ പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയും, ശേഷിക്കുന്ന 15% കേരള സർക്കാരും സംസ്ഥാന വൈദ്യുതി ബോർഡും തുല്യമായി വഹിക്കാനുമാണ് പ്രസ്തുത ഉത്തരവ് പ്രകാരം തീരുമാനിച്ചിട്ടുള്ളത്. ആദ്യഘട്ടമായി ടവർ ഫൗണ്ടേഷന്റെ നഷ്ടപരിഹാരമായ 38.5 കോടി

രൂപയിൽ കേരള സർക്കാർ വിഹിതമായ 2.9 കോടി രൂപ റിലീസ് ചെയ്യുവാനായി അടുത്ത സാമ്പത്തിക വർഷത്തിലെ ആദ്യ ഉപധനാഭ്യർത്ഥനയിൽ വകയിരുത്തുവാനായി ധനകാര്യ വകുപ്പിന്റെ നിർദ്ദേശ പ്രകാരം ധനകാര്യ വകുപ്പ് ഉപധനാഭ്യർത്ഥനയിന്മേൽ സർക്കുലർ പുറപ്പെടുവിക്കുന്നതനുസരിച്ച് അനിവാര്യമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് കെ.എസ്.ഇ.ബി. ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർക്ക് 20-4-2017-ലെ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

## ശിപാർശ

സർവ്വേ നടപടികൾ പൂർത്തീകരിച്ച് സ്ഥലം ഏറ്റെടുക്കുമ്പോൾ ഈ ഇനത്തിൽ കൂടുതൽ തുക ആവശ്യമായി വരുമെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ, കൂടുതൽ തുക ആവശ്യമായി വരുന്ന മുറയ്ക്ക് ആയത് വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 102)

## സർക്കാർ സ്വീകരിച്ച നടപടി

നാല് ജില്ലകളിലായി സർവ്വേ നടപടികൾ പുരോഗമിച്ചു വരുന്നു (കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം). ഇതിലേയ്ക്ക് 31-8-2016-ലെ സ.ഉ.(എംഎസ്.) 19/2016/ഊ.വ. പ്രകാരം 10.36 കോടി രൂപയുള്ള Detailed Valuation Statement അനുമതിയായിട്ടുണ്ട്. ഈ ഇനത്തിൽ കൂടുതൽ തുക ആവശ്യമായി വരുന്നമുറയ്ക്ക് കെ.എസ്.ഇ.ബി.-യിൽ നിന്നും പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് ഉപധനാഭ്യർത്ഥന വഴി ഫണ്ട് റിലീസ് ചെയ്യുവാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## ശിപാർശ

ഉപയോഗശൂന്യമായ ട്യൂബ് ലൈറ്റുകളിലും, സി.എഫ്.എൽ. ലാമ്പുകളിലും അടങ്ങിയിരിക്കുന്ന മെർക്കുറിയും മറ്റു രാസപദാർത്ഥങ്ങളും മണ്ണിൽ കലരുന്നതുമൂലം മനുഷ്യനും പ്രകൃതിക്കും മൃഗങ്ങൾക്കും ദോഷകരമായി വരികയും, കാൻസർ മുതലായ രോഗങ്ങൾക്കും ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്കും കാരണമാകുന്നതായും സമിതി ആശങ്കപ്പെടുന്നു. ഇതിനു പരിഹാരമായി ഇത്തരം ലൈറ്റുകളിൽ അടങ്ങിയിരിക്കുന്ന രാസപദാർത്ഥങ്ങൾ ഭൂമയിൽ കലരാതെ പൂർണ്ണമായും റീസൈക്കിൾ ചെയ്ത് ഉപയോഗിക്കാൻ സാധിക്കുമെന്ന് സമിതി മനസ്സിലാക്കുന്നു.

(ഖണ്ഡിക 104)

ഗുരുതരമായ ഈ സാഹചര്യം കണക്കിലെടുത്ത് ഇത് സംബന്ധിച്ച് എനർജി മാനേജ്മെന്റ് സെന്റർ നടത്തിയ പഠനറിപ്പോർട്ട് സർക്കാർ പരിശോധിച്ച് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കീഴിൽ ഒരു സി.എഫ്.എൽ. റീസൈക്ലിംഗ് പ്ലാന്റ് അടിയന്തരമായി സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശക്തമായി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 105)

ഇ.എം.സി.-യുടെ ഡി.പി.ആർ. പ്രകാരം സി.എഫ്.എൽ. റീ-സൈക്ലിംങ് പ്ലാന്റ് സ്ഥാപിക്കുന്നതിന് 36 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതിക്ക് പ്രസ്തുത തുക പുതിയ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 106)

## സർക്കാർ സ്വീകരിച്ച നടപടി

ട്യൂബ് ലൈറ്റ്, സി.എഫ്.എൽ. ലാമ്പ് എന്നിവയുടെ ഉപയോഗം കുറഞ്ഞു വരുന്ന സാഹചര്യത്തിൽ കൂടിയ മുതൽമുടക്കിൽ സി.എഫ്.എൽ. റീ സൈക്ലിംങ് പ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതി തുടങ്ങുന്നത് ഉചിതമാണോ എന്ന് പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

## ഭാഗം 2

2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ ലഭിക്കാത്ത ഖണ്ഡികകൾ ചുവടെ ചേർത്തിരിക്കുന്നു:

| ക്രമ നമ്പർ | വകുപ്പ് | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | തൊഴിലും നൈപുണ്യവും വകുപ്പ് | 4 മുതൽ 12 വരെ, 15 മുതൽ 18 വരെ, 20 മുതൽ 22 വരെ, 24, 26, 27, 29 മുതൽ 32 വരെ, 37, 38, 40, 43 മുതൽ 51 വരെ, 53, 55 മുതൽ 59 വരെ, 63 മുതൽ 77 വരെ, 79 മുതൽ 81 വരെ. |
| 2 | ഊർജ്ജ വകുപ്പ് | 83 മുതൽ 86 വരെ, 88 മുതൽ 92 വരെ 94, 95, 100, 103. |

റ്റി. പി. രാമകൃഷ്ണൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VII.*

തിരുവനന്തപുരം,
2017 മേയ് 15.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.